**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4419 13.11.2019 -ലെ മറുപടിക്ക്**

**<u>അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രവൃത്തികളിൽ കാലതാമസം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതിയിലെ പ്രവൃത്തികളിൽ വരുത്തുന്ന കാലതാമസം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ സത്വരം പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഏറനാട് മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കോളനികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) & (സി) | വെള്ളാമ്പുറം പട്ടികജാതി കോളനിയിൽ ഭവന പുനരുദ്ധാരണവും, സാംസ്കാരിക നിലയ നിർമ്മാണവും പുരോഗമിക്കുന്നു. പാറേക്കാട്, ഇടിവെണ്ണ പട്ടികവർഗ്ഗ കോളനികളിലെ പ്രവൃത്തിക്കുള്ള മൊബിലൈസേഷൻ അഡ്വാൻസ് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് അനുവദിച്ചു. 2020 മാർച്ച് 31നകം പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. |
| (സി) | ഇവയിൽ എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; ബാക്കി പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ